**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **04-10-2021 - ൽ മറുപടിയ്ക്ക്**

**കൈവശാവകാശ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഏതാവശ്യത്തിനായി നൽകിയതാണ് ഭൂമിയെന്ന് രേഖപ്പെടുത്താത്തത് സംബന്ധിച്ച് കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WPC 17983/2019 , 29865/19 , 32098/2019 എന്നീ കേസുകളിലെ 25.06.2020 ലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് Possession Certificate നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി കേരള ലാന്റ് അസ്സസ്സ്മെന്റ് ആക്ട് 1960 , പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ച് നൽകിയതാണോ അല്ലയോ എന്ന വിഷയം കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ട പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ച് നൽകിയ ഭൂമിയാണെങ്കിൽ ആ വിവരം കൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ Possession Certificate അനുവദിക്കുവാൻ പാടുള്ളുവെന്ന് 02.12.2020 ലെ സ.ഉ.(എം.എസ്) 290/2020/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ അധികാരികൾ അനുവദിയ്ക്കുന്ന Possession Certificate ൽ രേഖപ്പെടുത്തിയ പ്രകാരം ഏതാവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളത് എന്ന വിവരം പരിശോധിച്ച ശേഷം അതനുസരിച്ച് മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികൾ പെർമിറ്റ് അനുവദിക്കാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകി 22/02/2021 ലെ സ.ഉ.(എം.എസ്) 61/2021/ തസ്വഭവ പ്രകാരം ഉത്തരവ് പുറപെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ വിധിമൂലം പതിച്ചുകിട്ടിയ ഭൂമിയിൽ വീടടക്കം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് നിർമ്മാണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം ഏത് ആവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളതെന്ന വിവരം പരിശോധിച്ചതിനുശേഷം മാത്രമേ കെട്ടിട നിർമ്മണാനുമതി നൽകാവൂ എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് മൂലം പലർക്കും പതിച്ച് കിട്ടിയ ഭൂമിയിൽ വീട് നിർമ്മിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മുൻകാലങ്ങളിൽ മലയോര മേഖലകളിൽ രണ്ട് ഏക്കറിന് മുകളിൽ റവന്യൂ ഭൂമി പതിച്ചു നൽകിയിരുന്നുവെങ്കിലും പുതിയ കോടതി വിധി മൂലം പഞ്ചായത്തുകൾക്ക് ഇവിടങ്ങളിൽ വീട് വെയ്ക്കാനുള്ള അനുമതി നൽകാൻ സാധിക്കാത്ത വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ